**കേരള സർക്കാർ**
**ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്**

**സർക്കുലർ**

നം.07/2018/ധന                                                  തിരുവനന്തപുരം, തീയതി 19.01.2018.

വിഷയം:- ശമ്പള പരിഷ്കരണം 2014 -അപാകതകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 20.01.2016 ലെ സ.ഉ(അച്ചടി) നം.7/2016/ധന
2. 17/02/2016 ലെ സ.ഉ.(കൈ) നം.81/2016/ധന

പരാമർശം 1 ലെ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2014 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിരുന്നു. ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം അനോമലി റെക്റ്റിഫിക്കേഷൻ സെൽ രൂപീകരിച്ച് ഉത്തരവായിരുന്നു. സാമ്പത്തിക അച്ചടക്കം പാലിച്ച് പദ്ധതിയേതര ചെലവ് നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കുന്നു:

(i) ശമ്പള സ്കെയിലും അലവൻസുകളും വർദ്ധിപ്പിക്കുന്നതിനും ഉയർന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും നൽകിയിട്ടുള്ള പരാതികളും ഭരണ വകുപ്പ് നിർദ്ദേശങ്ങളും അടുത്ത ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുമ്പോൾ ടി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ii) ഭരണ വകുപ്പുകൾ ഇത്തരത്തിലുള്ള ശുപാർശകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് ഇനിമുതൽ അയയ്ക്കേണ്ടതില്ല.

**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി&എസ്സ്.എസ്സ്.എ) കേരള,
തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ എസ്സ് എ) കേരള, തിരുവനന്തപുരം
ഗവർണ്ണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ,
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-381503)

ഉത്തരവിൻപ്രകാരം

Niranjan

**സെക്ഷൻ ഓഫീസർ**